**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3591** **12-03-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ഗവ. എഞ്ചിനീയറിംഗ് കോളേജ് മാറ്റി സ്ഥാപിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ഗവ. എഞ്ചിനീയറിംഗ് കോളേജ് പുതിയ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഭൂമിയാണ് ഇതിനായി കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | നിലവിൽ കോഴിക്കോട് ഗവ. എഞ്ചിനീയറിംഗ് കോളേജിന് ഏഴ് ഏക്കറിലധികം ഭൂമിയുണ്ടെന്നും AICTE യുടെ മാനദണ്ഡ പ്രകാരമുള്ള എല്ലാ ഭൗതിക സൗകര്യങ്ങളും ലഭ്യമാണെന്നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>കോളേജിന്റെ വികസനത്തിനായി ഭൂമി വാങ്ങുന്നതു സംബന്ധിച്ച വിഷയത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി കോളേജിന്റെ വികസന പദ്ധതികളെ പറ്റി സർക്കാർ വിശദമായ ചർച്ച നടത്തുകയുണ്ടായി. കോഴിക്കോട് നഗരത്തിൽ സ്ഥിതി ചെയ്യുന്ന കോളേജ് നിലവിലുള്ള സ്ഥലത്തു നിന്നും മാറ്റുന്നത് നിലവിലെ സാഹചര്യത്തിൽ പ്രായോഗികമല്ലെന്നും ഇപ്പോഴത്തെ എഞ്ചിനീയറിംഗ് കോളേജ് നിൽക്കുന്ന സ്ഥലത്ത് പോളിടെക്നിക്, ടെക്നിക്കൽ ഹൈസ്കൂൾ എന്നിവ ഏകോപിപ്പിച്ച് ഒരു ടെക്നിക്കൽ എഡ്യൂക്കേഷൻ ഹബ്ബായി മാറ്റുന്നതിനുള്ള നടപടികൾ ആലോചിക്കാമെന്നും തുടർന്ന് തീരുമാനമെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ